*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 43 C

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**മെയ് 1, 2023**

# നൈപുണികൾ, വിദ്യാർത്ഥി–അധ്യാപകൻ, മാതാപിതാക്കളെയും സഹോദരിമാരെയും സഹായിക്കുക

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

നമുക്കറിയാം, ഭഗവാൻ നമ്മുടെ വിദ്യാർത്ഥികളെ അവരുടെ സുകുമാര കലകളും നൈപുണികളും പ്രദർശിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. നമുക്ക് ഗായകർ, നർത്തകർ, കംപോസർമാർ, മെയ്ക്കപ്പിൽ പ്രഗത്ഭർ, കർട്ടനുകളുണ്ടാക്കുന്നതിലും സ്റ്റേജ് ക്രമീകരണങ്ങൾ ചെയ്യുന്നതിലും വിദഗ്ദ്ധർ ഒക്കെയുണ്ട്, എന്താണില്ലാത്തത്! ഇതെല്ലാം ഭഗവാൻ സ്വയം നൽകുന്ന പ്രോത്സാഹനം കാരണമാണ്. അതുകൊണ്ടാണ് അവർ ഓരോ രംഗത്തും പ്രഗത്ഭരാവുന്നത്. നൈപുണികൾ ദൈവികമാണ്! ഇത് നമ്മോട് പറയുന്നത്, നാം ഓരോരുത്തരും നമ്മുടെ ഉള്ളിലുള്ള നൈപുണി കണ്ടെത്തേണ്ടിയിരിക്കുന്നു എന്നാണ്. ദിവ്യമായ നൈപുണികൾ മെച്ചപ്പെടത്തക്കവിധം നമുക്ക് മാർഗദർശനം നൽകുന്നതിനായി ഭഗവാനോട് നമുക്ക് പ്രാർത്ഥിക്കാം.



ഒരു ദൃഷ്ടാന്തം നിങ്ങൾക്ക് നൽകാം. സ്വാമിക്ക്, സത്യന്, എലിമെന്ററി സ്കൂളിൽ ആയിരിക്കുമ്പോൾക്കൂടി, വലിയ പാടവത്തോടെ പാടാനും നൃത്തം ചെയ്യാനും പ്രത്യേക കഴിവുണ്ടായിരുന്നു. അതെ! ദശാബ്ദങ്ങൾക്കു ശേഷം, സ്വാമി എപ്രകാരമാണ് വേദിയിൽ

നൃത്തം ചെയ്തത്! അവിടുത്തെ പ്രകടനം ഓരോരുത്തരും വളരെ പ്രശംസിക്കുകയുണ്ടായി-ഉദ്യോഗസ്ഥരും ഗ്രാമീണരുമൊക്കെ!



ഇനി ഞാൻ പോകുന്നത് ഭഗവാന്റെ അടുത്ത മഹനീയ ഗുണത്തിലേക്കാണ്. അവിടുന്ന് ഏറ്റവും മികച്ച വിദ്യാർത്ഥി ആയിരുന്നു. വാസ്തവത്തിൽ, അവിടുത്തെ പ്രഭാഷണങ്ങളൊന്നിൽ, അവിടുന്ന് പറയുന്നത് ഏതെങ്കിലും പുസ്തകം തുറന്നതായോ അതിലെ ഏതെങ്കിലുമൊരു പേജ് വായിച്ചതായോ ഓർക്കുന്നില്ല എന്നാണ്. പക്ഷേ അവിടുന്ന് ക്ലാസ്സിൽ എല്ലായ്പോഴും ഒന്നാമനായിരുന്നു. അതാണ് ദിവ്യഗുണം. ക്ലാസ്സിൽ ഒന്നാമനായിരുന്നതു കാരണം, സ്കൂളിലെ ഓരോ ടീച്ചർക്കും അവിടുന്ന് പ്രിയങ്കരനായിരുന്നു.
അതിനു പുറമെ, ഇനി പറയുന്ന പോയിന്റ് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിഷയങ്ങൾ പഠിക്കാനും ഗ്രഹിച്ചെടുക്കാനും അവിടുന്ന് അവിടുത്തെ സഹപാഠികളെ സഹായിച്ചിരുന്നു. അവിടുന്ന് ഒരിക്കലും സ്വാർത്ഥമതി ആയിരുന്നില്ല, അവിടുന്ന് ഒരിക്കലും സ്വാർത്ഥമതി ആയിരുന്നില്ല, സ്വന്തം കാര്യം മാത്രം നോക്കുന്നആളായിരുന്നില്ല.

ദശാബ്ദങ്ങൾക്കു ശേഷം, അവിടുത്തെ ഏതാനും സഹപാഠികളെ അക്ഷരമാല പഠിപ്പിക്കുന്നതിന് അവിടുന്ന് എപ്രകാരമാണ് സഹായിച്ചതെന്ന്, സത്യ സായി ബാബ അവിടുത്തെ പ്രഭാഷണങ്ങളിൽ വെളിപ്പെടുത്തും.

“ആ ദിവസങ്ങളിൽ, സ്ലേറ്റോ ബുക്കുകളോ ഒന്നും ഉണ്ടായിരുന്നില്ല. ഞങ്ങൾ സ്വന്തം വിരലുകൾ കൊണ്ട് മണലിൽ എഴുതുകയായിരുന്നു പതിവ്!” ഇതാണ് ബാബ പറഞ്ഞത്!

അവിടുത്തെ സഹപാഠികളെ പഠിപ്പിക്കുന്നതിന് ഒരിക്കലും വിസമ്മതിച്ചില്ല, അതിനുള്ള ഒരവസരവും സത്യൻ പാഴാക്കിയില്ല. “ഓരോരുത്തരും ഒരാളെവീതം പഠിപ്പിക്കുക!”(Each one, teach one!) എന്നതായിരുന്നു പിന്നിലുള്ള തത്വം!

നമുക്കറിയാം, നമ്മുടെ യൂണിവേഴ്സിറ്റി ഹോസ്റ്റലുകളിലും, ഇവിടുത്തെ സ്കൂൾ ഹോസ്റ്റലുകളിലും, വിദ്യാർത്ഥികൾ പരസ്പരം സഹായിക്കുന്നു. എനിക്കറിയാം, സീനിയർ വിദ്യാർത്ഥികളിൽ ചിലർ ജൂനിയർ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നു. ജൂനിയർ വിദ്യാർത്ഥികൾക്ക് ഇരിക്കാനും ഒരു സീനിയർ വിദ്യാർത്ഥിക്ക് അവരെ പഠിപ്പിക്കാനുമുള്ള പ്രത്യേക സൗകര്യം ചില മുറികളിൽ ഉണ്ട്. ഇത് ഭഗവാനിൽ നിന്ന് പഠിച്ചതാണ്!

അതു മാത്രമല്ല, വേദം, വിദ്യാർത്ഥികൾ ജപിക്കുന്ന വേദം, ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക്, ബാച്ചു തോറും കൈമാറപ്പെടുകയാണ്! ഇവിടെ ഒരു ടീച്ചറെയും അതിനായി ഒരിക്കലും വിളിക്കുന്നില്ല. അവരെ പഠിപ്പിക്കാനായി ഒരു പുരോഹിതനും ക്ഷണിക്കപ്പെടുന്നില്ല. സീനിയേഴ്സ് ജൂനിയേഴ്സിനെ പഠിപ്പിക്കുന്നു. ഈ ദേശത്തെ വേദ പഠന സമ്പ്രദായം അഥവാ പാരമ്പര്യം ഇതുതന്നെയായിരുന്നു.



ഇനി, ഭഗവാന്റെ ജീവിതത്തിൽ നമ്മൾ ശ്രദ്ധിക്കുന്ന ഒരു മഹനീയ ഗുണം ഇതാണ്! അവിടുത്തെ വീട്ടുപണികൾ ചെയ്യുന്നതിന് സഹായിക്കുന്നതിന് അവിടുന്ന് ഒരിക്കലും വിമുഖത കാട്ടിയിരുന്നില്ല. സഹോദരിയെ പാചകം ചെയ്യുന്നതിന് അവിടുന്ന് സഹായിക്കും, അവിടുത്തെ പിതാവിനുവേണ്ടി സാധനങ്ങൾ വാങ്ങാൻ പോകും, നാല് കഴുതപ്പുറത്തു നിറയെ പലചരക്കുകളുമായി തിരികെ വരും. വാങ്ങലിന്റെ വിശദാംശങ്ങളെല്ലാം അവിടുന്ന് അവതരിപ്പിക്കും, ബാക്കി തുക പിതാവിന് നൽകും, അവസാനത്തെ നാണയം വരെ കൃത്യമായി. കുട്ടിയുടെ കഴിവിൽ ആകൃഷ്ടനായിട്ട്, അവിടുത്തെ പിതാവ് പറയും, "നോക്ക്, സത്യൻ എത്ര ആത്മാർത്ഥതയും സത്യസന്ധതയും ഉള്ളവനാണ്, അവന് വിലപേശാൻ എത്ര സാമർത്ഥ്യമാണ്!"

വീട് വൃത്തിയാക്കുക, കിണറ്റിൽ നിന്നും വെള്ളം കൊണ്ടുവരിക, അക്കാലത്ത് പെൺകുട്ടികളുടെ ജോലികളായി പരക്കെ കരുതിപ്പോന്നിരുന്ന മറ്റ് വീട്ടുജോലികൾ ഇവയിലൊക്കെ




അവിടുന്ന് മാതാപിതാക്കളെ സഹായിക്കുകയും സഹോദരിമാരെ ഒപ്പം കൂട്ടുകയും ചെയ്യുമായിരുന്നു! വിവിധ മാർഗങ്ങളിൽ ജീവനോപായം തേടുന്ന മാതാപിതാക്കൾക്ക് ഇതൊരു ആവശ്യവുമായിരുന്നു. പെദ്ദ വെങ്കമ്മ രാജു, അവിടുത്തെ പിതാവ്, ഒരു പലചരക്ക് കട നടത്തിയിരുന്നു. ഈശ്വരമ്മയും അദ്ദേഹവും കൂടി കഴുതപ്പുറത്ത് ധാന്യങ്ങൾ കയറ്റി ബുക്കപ്പട്ടണം ആഴ്ചച്ചന്തയിൽ കൊണ്ടുപോയി വിൽക്കുമായിരുന്നു.

അവിടുന്ന് ചെറിയ കമ്മീഷൻ സ്വീകരിച്ചുകൊണ്ട് കർഷകർക്കും കർണം കുടുംബത്തിനുമിടയിലുള്ള ഒരു ഇടനിലക്കാരനായും പ്രവർത്തിച്ചിരുന്നു. ഇത് ഇന്നത്തെ കുട്ടികൾക്കിടയിൽ കണ്ടുവരാത്ത ഒരു ഗുണമാണ്. ഒരു വശത്ത് അവർക്ക് സ്കൂൾ വർക്ക്, ഹോം വർക്ക്, അസൈൻമെന്റുകൾ ഒക്കെയുണ്ട്, പിന്നെ രക്ഷിതാക്കളെ, കുടുംബത്തിലെ സഹോദരീ സഹോദരന്മാരെ, സഹായിക്കണമെന്ന ഉദ്ദേശ്യം അവർക്കില്ല താനും. അവർക്കാണ് സഹായം വേണ്ടത്.

വാസ്തവത്തിൽ, ഒരുവന് ബാല്യകാലം മുതൽക്കേ സേവ പഠിക്കാനാവും. ഭൂതാനുകമ്പ സ്വഗൃഹത്തിലാണ് ആരംഭിക്കുക. ബാബ ഈ സേവന മനോഭാവവും രക്ഷിതാക്കളെയും സഹോദരീ സഹോദരന്മാരെയും സഹായിക്കണമെന്ന മനോഭാവവും പ്രദർശിപ്പിച്ചിരുന്നു. നാം നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ട ഒരു മഹനീയ ഗുണമാണ് ഇത്.

അടുത്ത വസ്തുത ഇതാണ്. സത്യന്റെ സ്കൂളിൽ, കൃത്യനിഷ്ഠത ഉറപ്പാക്കുന്നതിനായി കൗതുകകരമായ ഒരു ശിക്ഷാപദ്ധതി നിലവിലുണ്ടായിരുന്നു. ആരൊക്കെയാണോ വൈകി

എത്തുന്നത്, കാരണം എന്തുതന്നെ ആയിരുന്നാലും, ചൂരലിന്റെ രുചിയറിഞ്ഞിരുന്നു. ആദ്യം വന്ന് ടീച്ചറെ അഭിവാദ്യം പറയുന്നതാരോ അവർക്കായിരിക്കും ശിക്ഷ നടപ്പാക്കാനുള്ള അധികാരം. കിട്ടുന്ന അടികളുടെ എണ്ണം, വൈകിയെത്തുന്നവരുടെ ലിസ്റ്റിലെ നമ്പർ അനുസരിച്ചിരിക്കും. എത്രകണ്ട് വൈകി ഒരുവൻ എത്തുന്നുവോ, അവന് അത്രകണ്ട് അടി കൂടുതൽ കിട്ടും! തണുത്ത്, നനഞ്ഞ പുലരികളിൽ, കുട്ടികൾ വളരെ നേരത്തേ സ്കൂൾ കെട്ടിടത്തിന്റെ മോന്തായത്തിനു കീഴെ തടിച്ചുകൂടും, ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനായി.

സത്യന് അവിടുത്തെ സഹപാഠികളുടെ അവസ്ഥയിൽ സഹാനുഭൂതി തോന്നിയിട്ട്, അവിടുത്തെ ഭവനത്തിൽനിന്ന് തുണിക്കഷണങ്ങളൊക്കെ കൊണ്ടുവന്ന് അവരെ സഹായിക്കും. വീട്ടിലെ മുതിർന്നവർ ഇത് കണ്ടുപിടിച്ചു, അവർക്ക് മറ്റൊന്നുംതന്നെ ചെയ്യാനില്ലാത്തതുകൊണ്ട്, അവർക്ക് നഷ്ടപ്പെടുത്താൻ കഴിയാത്ത അവരുടെ വസ്ത്രം മുഴുവനും പെട്ടിക്കകത്ത് പൂട്ടിവച്ചു!

ഒരു കൊച്ചു കുട്ടിയെന്ന നിലയ്ക്ക് സത്യനെ ഉൾക്കൊള്ളാൻ കുടുംബത്തിന് വലിയ പ്രയാസമായിരുന്നു. നോക്കൂ! വൈകിയെത്തുന്നതിന് ശിക്ഷിക്കപ്പെടുന്ന അവിടുത്തെ സഹപാഠികളോടുള്ള കരുതലും സേവാ മനോഭാവവും സഹാനുഭൂതിയും; ആ കഠിനമായ തണുപ്പുകാലത്ത് ഇത്തിരി വസ്ത്രം ധരിച്ച് സ്വയം പൊതിയുന്നതിനായി വസ്ത്രം കൊണ്ടുവന്നു കൊടുത്ത് സ്വാമി അവരെ സഹായിച്ചു. ഇത് ആവശ്യമുള്ളതാണ്- സഹജീവികളോടുള്ള കരുതൽ. സഹാനുഭൂതിയും പരിഗണനയും നമുക്ക് ഭഗവാനിൽനിന്നുതന്നെ പഠിക്കാനാവുന്ന സുപ്രധാന മൂല്യങ്ങളാകുന്നു!



സ്കൂളിൽ, സത്യന്റെ അതിശയകരമായ സംഗീതശേഷി പുഷ്പിക്കാനാരംഭിച്ചിരുന്നു. അവിടുന്നിന് ശ്രുതിമധുരമായ ശബ്ദമുണ്ടായിരുന്നു, ഭക്തിഗീതങ്ങളായ ഭജനുകൾ പാടുന്നതിൽ അവിടുന്നിനൊപ്പം ചേരാനായി അവിടുത്തെ ചങ്ങാതിമാരെ പ്രേരിപ്പിക്കാൻ കഴിഞ്ഞിരുന്നു. കർണം, കുടുംബത്തലവൻ, കുട്ടികളോട് അവരുടെ ഭവനത്തിനു മുമ്പിലിരുന്ന് ഭജനുകൾ പാടുന്നതിന് ആവശ്യപ്പെടും, അതിന്റെ സമാപനത്തിൽ ഒരു സഞ്ചി നിറയെ മലര് സമർപ്പിക്കും.

ഗ്രൂപ്പിൽ നിൽക്കുമ്പോൾ നേരെ ചൊവ്വേ കാണാനാവാത്ത വിധം ചെറുതായിരുന്നു സത്യൻ. എന്നിരുന്നാലും, അവിടുന്നായിരുന്നു ഏറ്റവും ഉത്സാഹിയായ ഭജൻ പാട്ടുകാരൻ, പാടുമ്പോൾ അത്യുത്സാഹപൂർവം നൃത്തവും ചാട്ടവുമൊക്കെയുണ്ട്. ഈ നൈപുണി, പണ്ഡരി ഭജൻ ഗ്രൂപ്പ് പുനസംഘടിപ്പിക്കാനും നയിക്കാനും ഇടയാക്കി, അത് വരാനിരിക്കുന്ന വർഷങ്ങളിൽ ലോകമെമ്പാടും സത്യസായി സേവാ സംഘടനയിൽ ഭജനയ്ക്ക് അടിത്തറയിട്ടു!

സത്യന്റെ ഗ്രൂപ്പിൽ അവിടുത്തെ പ്രായം തന്നെയുള്ള ഏകദേശം 15-20 ആൺകുട്ടികളാണ് ഉണ്ടായിരുന്നത്, അവർ അവരുടെ കൈകളിൽ കൊടികളേന്തി, കാൽമണികൾ ധരിച്ച്, ഗ്രാമത്തിൽ, പ്രധാനപ്പെട്ട സമ്മേളന സ്ഥലങ്ങളിലൊക്കെ, ചുറ്റി സഞ്ചരിക്കുന്നത് പതിവായിരുന്നു. സമീപഗ്രാമങ്ങളിലും അവർ സഞ്ചരിച്ചു.

പണ്ഡരി ഭജൻ ഗ്രൂപ്പ് ഒരു ഗ്രാമം സന്ദർശിക്കുമ്പോൾ, ആളുകൾ അവരുടെ വീടുകൾ വേണ്ടുംവണ്ണം വൃത്തിയാക്കി വയ്ക്കും, സംഘത്തെ സ്വാഗതം ചെയ്യും, അവരെ ഊട്ടും. ഗ്രാമീണർ വിശ്വസിച്ചിരുന്നത്, ഈ പണ്ഡരി ഭജൻ ഗ്രൂപ്പിന്റെ സ്വാധീനത്താലാണ് അയൽ ഗ്രാമങ്ങളിലൊക്കെ നാശം വിതച്ച കോളറ പോലെയുള്ള മാരക സാംക്രമിക രോഗങ്ങളൊന്നും ഒരിക്കലും പുട്ടപർത്തിയെ സ്പർശിക്കാതിരുന്നത് എന്നാണ്. അതാണ് ഭഗവാൻ!



ഗ്രാമത്തിന്റെ നന്മയ്ക്കായി ഓരോ കാര്യവും ചെയ്യുക, ഭജന പാടുന്നതിലും പഠിക്കുന്നതിലും അവരുടെ നൈപുണികൾ പ്രകടിപ്പിക്കുന്നതിലും ആൺകുട്ടികൾക്ക് പരിശീലനം നൽകുക ഇവയൊക്കെ ഭഗവാൻ ബാബയെക്കുറിച്ചുതന്നെ സൂചന നൽകുന്ന കാര്യങ്ങളാണ്! നോക്കൂ! ഈ പണ്ഡരി ഭജൻ കാരണം കോളറ-സാംക്രമിക രോഗം- ഒരിക്കൽ പോലും പുട്ടപർത്തിയെ സ്പർശിച്ചിട്ടില്ല!

ഇതാണ് ഭഗവാന്റെ സ്വാധീനം, ഇക്കാരണത്താലാണ് ഓരോരുത്തരും അവിടുന്നിനെ അവതാരമായി കണക്കാക്കുന്നത്. അതിനാൽ, എന്റെ സുഹൃത്തുക്കളേ, ബാബയുടെ ഗുണ

ങ്ങൾ ആഴത്തിൽ പഠിക്കേണ്ടതായുണ്ട്, നാം അവിടുത്തെ ദൃഷ്ടാന്തം അനുകരിക്കേണ്ടതായുണ്ട്.

ഇനി ഞാൻ ഭഗവാന്റെ അടുത്ത ദിവ്യ ഗുണത്തിലേക്ക് പോവുകയാണ്. ഇന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ, പ്രശാന്തിനിലയത്തിൽ യാതൊരു തരം ജാതി വിവേചനമോ വർഗ വിവേചനമോ ഇല്ല. എല്ലാവരും ഒരേ സ്ഥലത്ത് ഇരിക്കുന്നു, ഒരേ സ്ഥലത്ത് ആഹാരം കഴിക്കുന്നു, യാതൊരു മടിയും കൂടാതെ അവരെല്ലാവരും ക്യൂ നിൽക്കുന്നു. ഒരു വിഭജനവുമില്ല, ഒരു ജാതി വിവേചനവുമില്ല! സ്വാമി ഒരിക്കലും ഇത്തരം വിവേചനങ്ങൾ കാട്ടിയിട്ടില്ല, ഒരിക്കലും! എല്ലാ ഭക്തരും പരസ്പരം ഇടപഴകണമെന്നാണ്, സഹോദരീ സഹോദരന്മാരെപ്പോലെ ഒരുമിച്ച് ജോലി ചെയ്യണം എന്നാണ് അവിടുന്ന് എല്ലായ്പോഴും ആഗ്രഹിച്ചത്.



എനിക്ക് നിങ്ങളോട് പറയാനാവും, പണ്ഢരി ഭജൻ സമയത്ത് അവിടുന്ന് നൃത്തം ചെയ്യുന്നതിനൊപ്പം താഴേക്കും മുകളിലേക്കും തുള്ളുകയും ചെയ്യുക പതിവായിരുന്നു. ഒരിക്കൽ ഹരിജനങ്ങളും മറ്റ് ഗ്രൂപ്പുകാരും തമ്മിൽ ഒരു പണ്ഢരി ഭജൻ മത്സരം ഉണ്ടായിരുന്നു. പിറ്റേ ദിവസം, സത്യൻ താണ ജാതിക്കാർ താമസിക്കുന്ന ഹരിജൻ കോളനിയിൽ, ജൊന്നല നരസപ്പയെ സന്ദർശിച്ചു, അവർ വളരെ നന്നായി ഭജന ചെയ്തു എന്ന് പറഞ്ഞു.

അക്കാലത്ത് പോലും, സത്യൻ ഒരിക്കലും ഹരിജനങ്ങളെ വേറിട്ട് കണക്കാക്കിയിരുന്നില്ല. അവിടുന്ന് മുതിർന്നവരുടെ അറിവില്ലാതെ, പല വട്ടം ചേരികൾ സന്ദർശിച്ചിട്ടുണ്ട്.

അപ്പോൾ, ഇത്തരത്തിലുള്ള സമാന ഭാവം, സമത്വഭാവം, സാഹോദര്യചിന്ത ഇവയൊക്കെ ഭഗവാൻ സ്വയം പോഷിപ്പിച്ചിരുന്നു.

എന്റെ ഉദ്ദേശ്യം എന്നത്, നാം സ്വയം മനസ്സിലാക്കാനും നമ്മുടെ കുട്ടികളെ പഠിപ്പിക്കാനും തക്കവണ്ണം ഈ ഗുണങ്ങളിൽ ചിലത് എടുത്തുകാട്ടാനാണ്.

നിങ്ങൾക്ക് വളരെ നന്ദി! നമുക്ക് വീണ്ടും കാണാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)